# പതിമൂന്നാം കേരള നിയമ സഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2509 — 09 -12- 2014-ൽ മറുപടിക്ക്.

## ടെക്നോളജി ഇന്നോവേഷൻ സോൺ

**ചോദ്യം**

ശ്രീ. റ്റി.എൻ. പ്രതാപൻ

ശ്രീ. വർക്കല കഹാർ

ശ്രീ. പി.എ. മാധവൻ

ശ്രീ. പാലോട് രവി

**ഉത്തരം**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ടെക്നോളജി ഇന്നോവേഷൻ സോണിൽ സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ കൂടുതൽ മേഖല കളിലേക്ക് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെട്ടു ത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ യുവാക്കളെ തൊഴിൽ അന്വേഷകർ എന്നതിനേക്കാൾ തൊഴിൽ ദാതാക്കളായി വളർത്തുക എന്ന ലക്ഷ്യത്തോടെ മുന്നോട്ടു കൊണ്ടു വന്ന പദ്ധതിയാണ് സംരംഭകത്വ വികസനം. നൂതന ആശയങ്ങളും ഇൻക്യുബേഷൻ പദ്ധതികളും ഒരു മേഖലയിൽ തന്നെ ഒതുക്കി നിർത്തേണ്ട പദ്ധതികൾ അല്ല. ഓരോ വർഷവും ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് കേരളത്തിൽ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി ഇറങ്ങുന്നത്. ഈ വിദ്യാർത്ഥികളെ വേണ്ട രീതിയിൽ പരിശീലിപ്പിച്ചെടുത്താൽ നമുക്ക് പല മേഖലകളിലും യുവ സംരംഭകരെ വളർത്തിയെടുക്കാൻ സാധിക്കും. അതിന്റെ ഭാഗമായി കൊച്ചിയിലെ കിൻഫ്ര ഹൈടെക്ക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് ഇന്നോവേഷൻ സോണിനായി 3 ലക്ഷം സ്ക്വയർഫീറ്റിൽ കെട്ടിട നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1 ലക്ഷം സ്ക്വയർഫീറ്റിലുള്ള രണ്ടാമത്തെ കെട്ടിടം പൂർത്തിയായി വരുന്നു. ഈ കെട്ടിടം സ്റ്റാർട്ടപ്പ് വില്ലേജിന് കൈമാറും. ടെക്നോളജി ഇന്നോവേഷൻ സോൺ കെട്ടിടത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1. ഓഫീസ് സൗകര്യം: ഓരോ നൂതന കമ്പനികൾക്കും 10 മുതൽ 15 വരെ |

| | | | |
|---|---|---|---|
| | | | ആൾക്കാരെ ഉൾകൊള്ളിക്കുവാനുള്ള സ്ഥല സൗകര്യം ഒരുക്കുന്നതാണ്.<br><br>2. റിസർച്ച് സൗകര്യം: സംരംഭകർക്ക് വിവധ പരീക്ഷണങ്ങളും അവരുടെ ആശയങ്ങളുടെ ടെസ്റ്റുകൾ നടത്തുവാനായി ഒരു റിസർച്ച് സ്ഥലം ഒരുക്കുന്നതാണ്.<br><br>3. ഏയ്ഞ്ചൽ സോൺ: സംരംഭകരെ നിക്ഷേപകരുമായി കൂട്ടിയിണക്കുവാനായി ഓഫീസ് സ്ഥലം ഒരുക്കുന്നതാണ്.<br><br>4. എക്സിബിഷൻ സോൺ: കമ്പനിക്കാർക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുവാനുള്ള സ്ഥല സൗകര്യം ഒരുക്കുന്നതാണ്.<br><br>5. ലോകോത്തര സമ്മേളന സ്ഥലം: കമ്പനിക്കാർക്ക് വിവിധ സമ്മേളനങ്ങൾ നടത്തുവാനും വിവിധ യൂണിവേഴ്സിറ്റികളുമായി വെബ് ക്ലാസ്സസ് സംഘടിപ്പിക്കുവാനുമായി സ്ഥല സൗകര്യം ഒരുക്കുന്നതാണ്.<br><br>6. റീക്രിയേഷൻ സെന്റർ: സംരംഭകർക്ക് വിവിധ കലാ-കായിക വിനോദങ്ങൾക്കുള്ള സൗകര്യം ഒരുക്കുന്നതാണ്.<br><br>7. കഫറ്റേരിയ : വിവിധ ഇൻക്യുബേഷൻ കമ്പനികൾക്ക് കഫറ്റേരിയ സംവിധാനം ഒരുക്ക ുന്നതാണ്.<br><br>8. താമസസ്ഥലം: വിവിധ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി പ്രത്യേക താമസ സ്ഥലം ഒരുക്കുന്നതാണ്. കൂടാതെ വിവിധ പരിശീലന പരിപാടികളും, ശില്പശാലകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) | ഇതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. റാസ്പ്ബെറി പൈ പ്രോഗ്രാം: സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 2500 |

| | | | |
|---|---|---|---|
| | | | സ്കൂൾ വിദ്യാർത്ഥികൾക്ക് റാസ്പ്ബെറി പൈ കിറ്റ് വിതരണം ചെയ്യുവാനും അതിലൂടെ അവരിലെ പ്രോഗ്രാമ്മിംഗ് നൈപുണ്യം വികസിപ്പിക്കുവാനും സംസ്ഥാന സർക്കാർ രൂപം നൽകിയ പദ്ധതിയാണ് റാസ്പ്ബെറി പൈ പ്രോഗ്രാം.<br><br>2. നേതൃത്വ പരിശീലന പരിപാടി :<br>സംസ്ഥാന സർക്കാർ രൂപം നൽകിയ വിവിധ സംരംഭകത്വ പരിപാടികളിലൂടെയും സംരംഭകത്വ വികസന ക്ലബ്കളിലൂടെയും വളർന്നു വന്ന വിവിധ വിദ്യാർത്ഥികളിൽ നേതൃത്വ പരിശീലന പാടവം വളർത്തുവാനായി സ്റ്റാൻഫോർഡും ഹാർവാർഡും പോലുള്ള യൂണിവേഴ്സിറ്റികൾ സന്ദർശിക്കാൻ അവസരം ഒരുക്കുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.<br><br>3. അന്തർദേശീയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി:<br><br>2013-14 -ൽ 5 യുവ സംരംഭക വിദ്യാർത്ഥികളെ സംസ്ഥാന സർക്കാർ സിലിക്കൺ വാലിയിലേക്ക് അയച്ചിരുന്നു. ആ പരിപാടിയിലൂടെ വിദ്യാർത്ഥികളിൽ വന്ന മാറ്റത്തെ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ 10 ഓളം യുവ വിദ്യാർത്ഥികളെ എല്ലാ വർഷവും സിലിക്കൺ വാലിയിലേക്ക് അയക്കുവാനും അവിടെ വിദ്യാർത്ഥികൾക്ക് എല്ലാ സൗകര്യങ്ങൾ ഒരുക്കുവാനുമായി ഒരു സിലിക്കൺ ലാൻഡ് പാഡ് നിർമ്മിക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തു. കൂടാതെ വിദ്യാർത്ഥികളെ വിവിധ അന്തർ ദേശീയ കോൺഫറൻസുകളിൽ പങ്കെടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപം നൽകിയ പദ്ധതിയാണ് അന്തർ ദേശിയ സംരംഭകത്വ എക്സ്ചേഞ്ച് പരിപാടി. |

| | | | |
|---|---|---|---|
| | | | 4. സ്റ്റാർട്ടപ്പ് ബ്യൂട്ട് ക്യാമ്പ്:<br>കേരളത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുവാനും നൂതന ആശയങ്ങൾക്കു പ്രോത്സാഹനം നൽകുവാനുമായി സംസ്ഥാന സർക്കാർ രൂപം കൊടുത്ത പദ്ധതിയാണ് സ്റ്റാർട്ടപ്പ് ബ്യൂട്ട് ക്യാമ്പ്: ഇതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാനുമാണ് ലക്ഷ്യമിടുന്നത്.<br>5. ഫാബ് ലാബ്:<br>ഇലക്ട്രോണിക്സ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും ഇതിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിപ്പിക്കുവാനുമായി തിരുവനന്തപുരത്തെ ടെക്നോപാർക്കിലും കൊച്ചിയിലെ കിൻഫ്രയിലും ഫാബ് ലാബുകൾ സ്ഥാപിക്കുന്നുണ്ട്.<br>6. സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയ്ൻ:<br>കേരളത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളെ സംരംഭകരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ സംരംഭകത്വ പ്രചരണ പരിപാടി സംഘടിപ്പിക്കുവാനും വിദ്യാർത്ഥികൾക്ക് സ്റ്റാർട്ടപ്പ് ബോക്സുകൾ വിതരണം ചെയ്യുവാനുമായി രൂപം നൽകിയ പദ്ധതിയാണ് സ്റ്റാർട്ടപ്പ് ബോക്സ് ക്യാമ്പയ്ൻ. |

സെക്ഷൻ ഓഫീസർ